**CSB Bank**

*Trusted Heritage Smart Future*

# സി.എസ്.ബി. ബാങ്ക് ലിമിറ്റഡിന്റെ 103 – ാമത് വാർഷിക പൊതുയോഗം

1. സി.എസ്.ബി ബാങ്ക് ലിമിറ്റഡിന്റെ 103-ാമത് വാർഷിക പൊതുയോഗം. 2024 ഓഗസ്റ്റ് 23-ാം തീയ്യതി ഇന്ത്യൻ സമയം രാവിലെ 11 ന് കമ്പനീസ് ആക്ട് 2013 , കമ്പനികാര്യ മന്ത്രാലയം പുറപ്പെടുവിച്ച 2020 ഏപ്രിൽ 8-ാം തീയ്യതിയിലെ ജനറൽ സർക്കുലർ 14/2020, 2020 ഏപ്രിൽ 13-ാം തീയ്യതിയിലെ സർക്കുലർ 17/2020, 2020 മെയ് 5-ാം തീയ്യതിയിലെ സർക്കുലർ 20/2020, തുടർന്ന് ഇത് സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള മറ്റ് സർക്കുലറുകൾ, അവയിൽ ഏറ്റവും പുതിയത് 2023 സെപ്റ്റംബർ 25-ാം തീയ്യതിയിലെ സർക്കുലർ 09/2023 (എല്ലാം ചേർന്ന് MCA സർക്കുലറുകൾ), സെക്യൂരിറ്റീസ് ആന്റ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യ **(SEBI)** പുറപ്പെടുവിച്ച (SEBI) 2023 ഒക്ടോബർ 7-ാം തീയ്യതിയിലെ സർക്കുലർ നമ്പർ SEBI/HO/CFD/CFD-PoD-2/P/CIR/2023/167 SEBI സർക്കുലർ, കേന്ദ്ര സർക്കാർ കമ്പനി കാര്യ മന്ത്രാലയം (MCA), സെക്യൂരിറ്റീസ് ആന്റ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യ **(SEBI)** മുതലായവ പുറപ്പെടുവിച്ചിട്ടുള്ളതും മറ്റു ബാധകമായിട്ടുള്ള നിയമങ്ങൾ, സർക്കുലറുകൾ എന്നിവയ്ക്ക് അനുസൃതമായ വാർഷിക പൊതുയോഗ നോട്ടീസിൽ പ്രസ്താവിക്കുന്ന ഇടപാടുകൾ/ നയകാര്യങ്ങൾ നടത്തുവാനായി സാധാരണ ഒരു പൊതുവേദിയിൽ ഓഹരിയുടമകളുടെ ശാരീരിക സാന്നിധ്യത്തിൽ നടന്നു വന്നിരുന്നതിനു പകരം വീഡിയോ കോൺഫറൻസിങ് (VC)/ മറ്റു ശബ്ദദൃശ്യ സംവിധാനങ്ങൾ **(OAVM)** വഴി നടത്തുന്നതാണ് എന്ന് ഓഹരിയുടമകളെ ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

2. മേൽപറഞ്ഞ സർക്കുലറുകൾ പാലിച്ചുകൊണ്ട് **2023-2024** സാമ്പത്തിക വർഷത്തിലെ വാർഷിക റിപ്പോർട്ടിന്റെയും വാർഷിക പൊതുയോഗം **(AGM)** നോട്ടീസിന്റെയും ഇലക്ട്രോണിക് പകർപ്പുകൾ ഇ-മെയിൽ വിലാസം ബാങ്കിലോ ഡിപ്പോസിറ്ററി പാർട്ടിസിപ്പന്റ് പക്കലോ രജിസ്റ്റർ ചെയ്തിട്ടുള്ള ഓഹരി ഉടമകൾക്ക് ഇ-മെയിൽ വഴി അയക്കുന്നതാണ്. മുകളിൽ സൂചിപ്പിച്ച MCA, SEBI സർക്കുലറുകൾ പ്രകാരം വാർഷിക റിപ്പോർട്ടിന്റെയും AGM അറിയിപ്പിന്റേയും ഭൗതിക പകർപ്പുകൾ അയക്കേണ്ട ആവശ്യകത ഒഴിവാക്കിയിട്ടുണ്ടെന്നു ഓഹരിയുടമകൾ ദയവായി ശ്രദ്ധിക്കണം. എന്നിരുന്നാലും **2023-24** സാമ്പത്തിക വർഷത്തെ വാർഷിക റിപ്പോർട്ടിന്റെ ഭൗതിക പകർപ്പുകൾ വേണ്ട ഓഹരിയുടമകൾക്ക് secretarial@csb.co.in എന്ന ഇ-മെയിൽ വിലാസത്തിൽ അപേക്ഷിക്കാവുന്നതാണ്.

3. ഓഹരിയുടമകൾക്ക് VC/OAVM സൗകര്യത്തിലൂടെ മാത്രം വാർഷിക പൊതുയോഗത്തിൽ പങ്കെടുക്കാവുന്നതാണ്. അപ്രകാരം യോഗത്തിൽ പങ്കെടുക്കുന്ന ഓഹരിയുടമകളെ കമ്പനീസ് ആക്ട് 2013 , 103-ാം വകുപ്പ് പ്രകാരം ക്വോറം കണക്കാക്കുന്നതിൽപ്പെടുത്തുന്നതാണ്.

4. ഓഹരികൾ കടലാസ് രൂപത്തിൽ കൈവശം വയ്ക്കുന്ന ഓഹരിയുടമകൾ ഇ-മെയിൽ വിലാസം രജിസ്റ്റർ ചെയ്തിട്ടില്ലാത്ത പക്ഷം ഫോളിയോ നമ്പർ, ഓഹരിയുടമയുടെ പേര്, ഷെയർ സെർട്ടിഫിക്കേറ്റിന്റെ രണ്ടു ഭാഗങ്ങളും, സ്കാൻ ചെയ്ത കോപ്പി, സ്വയം സാക്ഷ്യപ്പെടുത്തിയ പാൻകാർഡിന്റെയും ആധാർ കാർഡിന്റെയും സ്കാൻ ചെയ്ത കോപ്പികൾ എന്നിവ ഇ-മെയിലിൽ coimbatore@linkintime.co.in എന്ന വിലാസത്തിൽ അയക്കേണ്ടതും ഓഹരികൾ ഡീമാറ്റായി കൈവശം വയ്ക്കുന്ന ഓഹരിയുടമകൾ ഇ-മെയിൽ വിലാസം രജിസ്റ്റർ ചെയ്തിട്ടില്ലാത്ത പക്ഷം 16 അക്ക DP ID + CL ID അഥവാ 16 അക്ക ബെനിഫിഷ്യറി ID, പേര്, ക്ലയന്റ് മാസ്റ്റർ ലിസ്റ്റ് അഥവാ ഏകീകരിക്കപ്പെട്ട അക്കൗണ്ട് സ്റ്റേറ്റ്മെന്റ്, സ്വയം സാക്ഷ്യപ്പെടുത്തിയ പാൻ കാർഡ്, ആധാർ കാർഡ് എന്നിവ investors@csb.co.in എന്ന ഇ-മെയിൽ വിലാസത്തിൽ, വാർഷിക പൊതുയോഗത്തിൽ വിദൂര ഇ-വോട്ടിംഗ്/ഇ-വോട്ടിംഗ് സംവിധാനം വഴി വോട്ട് രേഖപ്പെടുത്തുവാൻ User ID, പാസ്വേർഡ് എന്നിവ ലഭിക്കുന്നതിനായി അയക്കേണ്ടതാണ്. അല്ലാത്തപക്ഷം ബദലായി മേൽകാര്യത്തിനു മേൽപറഞ്ഞ രേഖകൾ സഹിതം evoting@nsdl.com എന്ന ഇ-മെയിൽ വിലാസത്തിലും അപേക്ഷിക്കാവുന്നതാണ്.

5. 103-ാമത് വാർഷിക പൊതുയോഗം നോട്ടീസ് 2023-2024 സാമ്പത്തിക വർഷത്തെ വാർഷിക റിപ്പോർട്ട് എന്നിവ ബാങ്കിന്റെ വെബ്സൈറ്റായ https://www.csb.co.in ലെ 'Investor Relations' വിഭാഗത്തിലും സ്റ്റോക്ക് എക്സ്ചേഞ്ചുകളായ BSE ലിമിറ്റഡിന്റെ വെബ്സൈറ്റായ https://www.bseindia.com ലും നാഷണൽ സ്റ്റോക്ക് എക്സ്ചേഞ്ച് ഓഫ് ഇന്ത്യ ലിമിറ്റഡിന്റെ വെബ്സൈറ്റായ https://www.nseindia.com ലും NSDL ന്റെ വെബ്സൈറ്റായ www.evoting.nsdl.com ലും ലഭ്യമാക്കുന്നതാണ്.

6. വാർഷിക പൊതുയോഗം നോട്ടീസിൽ പ്രസ്താവിച്ചിട്ടുള്ള നയകാര്യങ്ങളെ സംബന്ധിച്ച് ഓഹരി ഉടമകൾക്ക് അവരുടെ വോട്ട് വിദൂര/ഇ-വോട്ടിംഗ് സംവിധാനത്തിലൂടെ രേഖപ്പെടുത്താനുള്ള അവസരം ഉണ്ടായിരിക്കുന്നതാണ്. ഡീമാറ്റ് ഓഹരികൾ, ഇ-മെയിൽ വിലാസം രജിസ്റ്റർ ചെയ്തിട്ടില്ലാത്ത കടലാസ് ഓഹരികൾ എന്നിവ കൈവശമുള്ള ഓഹരിയുടമകൾ വിദൂര/ ഇ-വോട്ടിംഗ് സംവിധാനത്തിലൂടെ അവരുടെ വോട്ട് രേഖപ്പെടുത്തേണ്ട വിധം ഓഹരിയുടമകൾക്കുള്ള മേപ്പടി നോട്ടീസിൽ പ്രതിപാദിക്കുന്നതാണ്. ആയതിന്റെ വിശദവിവരങ്ങൾ ബാങ്കിന്റെ വെബ്സൈറ്റിലും ലഭ്യമാക്കുന്നതാണ്. ആയതിനായി ഓഹരിയുടമകൾ ബാങ്കിന്റെ വെബ് സൈറ്റായ https://www.csb.co.in സന്ദർശിക്കുവാൻ അഭ്യർത്ഥിക്കുന്നു.

## ഇ-മെയിൽ വിലാസം, മറ്റു KYC വിവരങ്ങൾ സമർപ്പിക്കുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ

2023 മാർച്ച് 16 ലെ SEBI സർക്കുലർ നമ്പർ SEBI/HO/MIRSD-PoD-1/P/CIR/2023/37, 2023 നവംബർ 17-ാം തീയ്യതിയിലെ SEBI സർക്കുലർ നമ്പർ SEBI/HO/MIRSD/PoD-1/P/CIR/2023/181 എന്നിവ പ്രകാരം PAN, നോമിനേഷൻ, മേൽവിലാസം, മൊബൈൽ നമ്പർ, ഇ-മെയിൽ വിലാസം, ബാങ്ക് അക്കൗണ്ട്, മാതൃക (Specimen) ഒപ്പ് എന്നിവ ISR-1, ISR-2, SH-13 തുടങ്ങിയ ഫോമുകളിൽ സമർപ്പിക്കുന്നതും പുതുക്കി സമർപ്പിക്കുന്നതും നിർബന്ധമാക്കിയിരിക്കുന്നു. മേൽപറഞ്ഞ ഫോമുകളുടെ മാതൃക ബാങ്കിന്റെ വെബ്സൈറ്റായ www.csb.co.in, RTA വെബ്സൈറ്റായ www.linkintime.co.in എന്നിവയിൽ ലഭ്യമാണ്.ആയതുകൊണ്ട് PAN, നോമിനേഷൻ, മേൽവിലാസം, മൊബൈൽ നമ്പർ, ഇ-മെയിൽ വിലാസം, ബാങ്ക് അക്കൗണ്ട് മാൻഡേറ്റ്, മാതൃക ഒപ്പ് എന്നിവ ബാങ്കിൽ രജിസ്റ്റർ ചെയ്യാത്ത ഓഹരിയുടമകൾ താഴെ പറയും പ്രകാരം മേൽപറഞ്ഞ രേഖകൾ പുതുക്കി സമർപ്പിക്കുവാൻ അഭ്യർത്ഥിക്കുന്നു.

| | |
|---|---|
| കടലാസ് രൂപത്തിൽ കൈവശം വെച്ചിട്ടുള്ള ഓഹരികൾ | ISR-1 (ഇ-മെയിൽ ID, PAN, KYC വിവരങ്ങൾ, ബാങ്ക് മാൻഡേറ്റ് എന്നിവ രജിസ്റ്റർ ചെയ്യുവാൻ/ പുതുക്കി സമർപ്പിക്കുവാനുള്ള അപേക്ഷ), ISR-2 (ഓഹരിയുടമയുടെ ഒപ്പ് സംബന്ധിച്ച് അവരവരുടെ ബാങ്കിന്റെ സാക്ഷ്യപത്രം), SH-13 (നോമിനേഷനുള്ള അപേക്ഷ) മറ്റു അനുബന്ധ രേഖകൾ സഹിതം ബാങ്കിന്റെ RTA പക്കൽ താഴെ കാണുന്ന വിലാസത്തിൽ സമർപ്പിക്കാം.<br>**Link Intime India Pvt. Ltd,**<br>**Surya 35, Mayflower Avenue,**<br>**Behind Senthil Nagar,**<br>**Sowripalayam Road, Coimbatore - 641028.**<br>**Ph: 0422 - 2314792, 2315792**<br>**E-mail: coimbatore@linkintime.co.in** |
| ഇലക്ട്രോണിക്/ ഡീമാറ്റ് രൂപത്തിൽ കൈവശം വെച്ചിട്ടുള്ള ഓഹരികൾ | ഡീമാറ്റ് അക്കൗണ്ട് ഉള്ള ഡിപ്പോസിറ്ററി പാർട്ടിസിപ്പന്റ് (DP) പക്കൽ മേൽപ്പറഞ്ഞ വിശദവിവരങ്ങൾ പുതുക്കി സമർപ്പിക്കേണ്ടതാണ്. |

**സി. എസ്. ബി ബാങ്കിന് വേണ്ടി**
**ഒപ്പ്/-**
**സിജോ വർഗ്ഗീസ്**
**കമ്പനി സെക്രട്ടറി**

**തൃശ്ശൂർ | ജൂലൈ 22, 2024**


**CSB BANK LIMITED**

Regd. Office: "CSB Bhavan", St. Mary's College Road, Post Box No.502, Thrissur – 680 020, Kerala, India
Tel:+91 0487-2333020 | Fax: 0487-2338764 | Website: www.csb.co.in | E-mail: secretarial@csb.co.in
Corporate Identity Number: L65191KL1920PLC000175